# സൽസ്വഭാവം ജനങ്ങളെ ആകർഷിക്കുന്നു

ഇന്ന് ദൈവാനുഗ്രഹത്താൽ ഈ ഖുത്ബയോടുകൂടി ജപ്പാനിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വാർഷികജൽസ തുടങ്ങുകയാണ്. ഇൻശാഅല്ലാഹ്. ഈ ഖുത്ബജുമുഅ എം.ടി.എ മുഖേന തത്സമയസംപ്രേഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ മേൽ അല്ലാഹു ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അനുഗ്രഹമാണിത്. ഹസ്റത്ത് മസീഹ് മൗഊദ് (സ)നോട് അല്ലാഹു ചെയ്ത ഓരോ വാഗ്ദാനവും നിത്യവും പുലർന്നുകൊണ്ടിരിക്കുന്നതായി നാം കണ്ടുവരുന്നു. പക്ഷേ, അല്ലാഹു തന്റെ സഹായം നമ്മെ കാണിച്ചുകൊണ്ടിരിക്കുന്നു എന്ന കാര്യത്തിൽ മാത്രം നാം സന്തുഷ്ടരാകാൻ പാടില്ല.

തന്റെ ദാസനോടു ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ അല്ലാഹു പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. പക്ഷേ, അല്ലാഹുവിന്റെ ഈ നിത്യേനയുള്ള അനുഗ്രഹം ഏറ്റവും വലിയ ചുമതലകളാണ് നമ്മെ ഭരമേല്പിക്കുന്നത്. ഇന്ന് ആ ചുമതലകൾ ഓരോ അഹ്മദിയും മനസ്സിലാക്കേണ്ടതാണ്. പ്രത്യേകിച്ച് ഇവിടെ ജീവിക്കുന്ന നിങ്ങൾ ഇക്കാര്യം മനസ്സിലാക്കേണ്ടതാണ്. ഇന്ന് നിങ്ങളെയാണ് ഞാൻ നേരിട്ട് സംബോധന ചെയ്യുന്നത്. നിങ്ങൾക്ക് നിങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കുന്നതിനായി ആത്മപരിശോധന നടത്തേണ്ടിവരും. അതായത്, എത്രത്തോളം നാം ആ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നുണ്ടെന്ന്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തശേഷം, നമ്മെ അല്ലാഹുവിന്റെ യഥാർത്ഥ ദാസരാക്കിത്തീർക്കുന്നതിനുവേണ്ടി നാം എത്രത്തോളം മാറ്റമുണ്ടാക്കാൻ ശ്രമിച്ചുവെന്ന് നോക്കേണ്ടതാണ്. ഇവിടത്തെ ജനങ്ങൾക്ക് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം- അത് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെതന്നെ സന്ദേശമാണ്- എത്തിക്കാൻ എത്രത്തോളം ശ്രമിച്ചുവെന്ന് നോക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ രാജ്യത്ത് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാൻ ശ്രദ്ധയുണ്ടായപ്പോൾ (1902-ലെ കാര്യമാണ് പറയുന്നത്) 'അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഈ രാജ്യത്ത് ഇസ്‌ലാമിനെക്കുറിച്ച് അന്വേഷിക്കുന്ന ആളുകളെ സൃഷ്ടിക്കും' എന്ന് അവിടന്ന് പറയുകയുണ്ടായി. പിന്നീട് ഈ രാജ്യത്ത് ഇസ്‌ലാമിന്റെ സവിശേഷഗുണങ്ങൾ ഉൾപ്പെട്ട സാഹിത്യങ്ങൾ പ്രചരിപ്പിക്കാനും അവിടന്ന് ആഗ്രഹം പ്രകടിപ്പിച്ചു. ജപ്പാനികൾ നല്ല മതം തിരഞ്ഞുനടക്കുന്നവരാണെന്ന് ഒരവസരത്തിൽ അവിടന്ന് പറഞ്ഞിട്ടുണ്ട്. ഈ രാജ്യത്തെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹവും നിർദ്ദേശവുമായിരുന്നു ഇത്. 1935-ൽ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇവിടെ മുബല്ലിഗിനെ അയച്ചു. അദ്ദേഹം തന്റെ പരിധിയ്ക്കുള്ളിൽനിന്നുകൊണ്ട് നല്ലവണ്ണം പ്രവർത്തിച്ചു. 1959-ൽ ഇവിടെ ആദ്യ അഹ്മദികൾ ഉണ്ടായി. വിശ്വാസത്തിലും ആത്മാർത്ഥതയിലും അവർ നല്ലവണ്ണം അഭിവൃദ്ധിപ്പെട്ടു. പിന്നീട് യുദ്ധം കാരണം അവസ്ഥകൾ മാറി. രണ്ടാംലോക മഹായുദ്ധംകൊണ്ട് ചില തടസ്സങ്ങളും ഉണ്ടായി. അതു കാരണം വലിയ നഷ്ടവും ഈ രാജ്യത്തിനുണ്ടായി. പക്ഷേ, ഈ വൻനഷ്ടത്തിനുശേഷം ഈ രാജ്യം സാമ്പത്തികരംഗത്ത് ക്ഷണത്തിൽ അഭിവൃദ്ധിപ്പെട്ടു. പക്ഷേ, ലോകത്തിലെ മറ്റുജനതകളെപ്പോലെ ഇവരും ഈ അഭിവൃദ്ധിയോടൊപ്പം ഭൗതികതയിലേക്ക് കൂടുതൽ തിരിയാൻ തുടങ്ങി. എങ്കിലും ഇവർ മതത്തെ ആദരിക്കുന്നവരും ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവരുമാണ്. ഞാനുമായി കൂടിക്കാഴ്ച നടത്തിയ പലരും തങ്ങൾക്ക് ഇസ്‌ലാമിനെക്കുറിച്ച് അറിയില്ലെന്നും അതിനെക്കുറിച്ച് പറഞ്ഞുതരണമെന്നും എന്നോട് പറയുകയുണ്ടായി. അവരിൽ വിദ്യാസമ്പന്നരും രാഷ്ട്രീയനേതാക്കളുമുണ്ടായിരുന്നു.

എന്തായാലും ഈ രാജ്യത്തിന്റെ സാമ്പത്തികനില ഉത്തമമായ കാരണത്താൽ എന്റെ മുന്നിലിരിക്കുന്ന അഹ്മദികളായ നിങ്ങൾ, നിങ്ങളിലധികം പാക്കിസ്ഥാനിൽനിന്ന് വന്നിട്ടുള്ള അഹ്മദികളാണ്, നിങ്ങൾക്ക് ഇവിടെ വരാനും ഇവിടെ തൊഴിലെടുക്കാനും അവസരം കിട്ടിയിരിക്കുകയാണ്, ചിലർ ഇവിടെ ജപ്പാനിസ്ത്രീകളെ വിവാഹവും കഴിച്ചിട്ടുണ്ട്, രണ്ട് ജപ്പാൻകാർ പാക്കിസ്ഥാനീ സ്ത്രീകളേയും വിവാഹം കഴിച്ചിട്ടുണ്ട്. അഹ്മദികളായിട്ടുള്ള ജപ്പാൻകാരായ സ്ത്രീകളിലും പുരുഷന്മാരിലും അധികംപേരും, അവരും അവരുടെ മക്കളും മാശാഅല്ലാഹ് ജമാഅത്തുമായി ബന്ധമുള്ളവരും കൂറുപുലർത്തുന്നവരുമാണ്. ബയ്അത്തിന്റെ പ്രതിജ്ഞയിൽ ദൃഢമായി നിലനില്ക്കുന്നവരാണ്. ചിലരുമായിട്ട് എനിക്ക്

സംസാരിക്കാൻ കഴിഞ്ഞു. അവരിൽ വൈകാരികമായ അവസ്ഥയുണ്ടാകുന്നത് ഞാൻ കണ്ടു. ജപ്പാൻകാർ വളരെ കുറച്ചേയുള്ളൂ എങ്കിലും ഇവരുടെ മക്കൾ ഇൻശാഅല്ലാഹ് വ്യാപിക്കുമ്പോൾ വേരുകൾ കൂടുതൽ ശക്തിപ്രാപിക്കും. ഇവിടെത്തെ സാമ്പത്തികാവസ്ഥ വളരെ നല്ലതാണെന്നും തൊഴിൽ തേടി നിങ്ങൾ പാക്കിസ്ഥാനിൽനിന്ന് ഇവിടെ വന്നിട്ടുള്ളവരാണെന്നും ഞാൻ പറയുകയുണ്ടായി. നിങ്ങളിൽ ചിലർ പഴയകാല അഹ്മദീകുടുംബങ്ങളിൽപ്പെട്ടവരുമാണ്, ചിലർ സ്വഹാബിമാരുടെ മക്കളിൽപ്പെട്ടവരുമുണ്ട്. അപ്പോൾ നിങ്ങൾ ഇസ്‌ലാം- അഹ്മദിയ്യത്തിന്റെ ഇവിടെത്തെ പ്രതിനിധികളാണെന്ന കാര്യം എപ്പോഴും മുന്നിൽ കാണേണ്ടതാണ്.

ആരംഭകാലത്ത് ഒന്നോ രണ്ടോ മുബല്ലിഗ് മാത്രമായിരുന്നു ഇവിടെയുണ്ടായിരുന്നത്. പക്ഷേ, കഴിഞ്ഞ 20, 25 വർഷത്തിനുള്ളിൽ ജപ്പാൻകാരല്ലാത്ത അഹ്മദികളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങി. ദൈവാനുഗ്രഹത്താൽ നിങ്ങളിപ്പോൾ ഇരുന്നൂറിനോടടുത്തുണ്ട്. ‘ഓരോരുത്തരും ഈ ജനതയ്ക്ക് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കണ’മെന്ന ഹസ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹം മുന്നിൽ വയ്ക്കുകയാണെങ്കിൽ തീർച്ചയായും അഹ്മദിയ്യത്ത് പ്രചരിക്കാൻ ഇവിടെ സാധ്യതകളുണ്ട്. കാരണം, ഇവരിൽ അധികവും ഭാഗ്യാത്മാക്കളാണ്. ശരിയായ മതത്തെ അന്വേഷിച്ചുനടക്കുന്നവരാണ്, അതുകൊണ്ട് ഓരോ അഹ്മദിയും, മുബല്ലിഗുമാർ അതു ചെയ്തുകൊള്ളും എന്ന് കരുതിയിരിക്കാതെ സ്വയം ഈ പ്രവർത്തനത്തിൽ വ്യാപൃതരാവേണ്ടതാണ്. തബ്‌ലീഗിൽ വ്യാപൃതരാകുന്നതിനുമുമ്പേ, എത്രകണ്ട് നാം ഇസ്‌ലാമികപാഠങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരും സ്വന്തം പരിഷ്ക്കരണത്തിലേക്ക് ശ്രദ്ധിക്കുന്നവരുമാണെന്ന് ആത്മപരിശോധനയും നടത്തുക. നിങ്ങളുടെ ബന്ധം സ്വയം അല്ലാഹുവുമായി ഘടിപ്പിക്കുക. നിങ്ങളുടെ ജീവിതം സ്വയം ഇസ്‌ലാമിക അധ്യാപനമനുസരിച്ചാക്കിത്തീർക്കുക. ഇവിടെത്തെ സ്ത്രീകളെ വിവാഹം കഴിച്ചിട്ടുള്ളവർ, അവരോടുള്ള കടമ നിറവേറ്റാൻ ശ്രമിക്കുക. അവരുടെ സഹോദരങ്ങൾക്കും, ബന്ധുക്കൾക്കും ഇസ്‌ലാമിന്റെ മനോഹരമായ പാഠങ്ങൾ പറഞ്ഞുകൊടുക്കുക. നിങ്ങളുടെ പ്രവർത്തനപരമായ മാതൃകയാണ് ഈ ജനങ്ങളുടെ ശ്രദ്ധ നിങ്ങളിലേക്ക് ആകർഷിക്കുന്നതിന് കാരണമാകുന്നത്. വെറും ഭൗതികതയാണ് നിങ്ങളുടെ കൈയിലുള്ളതെങ്കിൽ, അതിലേക്കുതന്നെ കുമ്പിട്ടുകൊണ്ടിരിക്കുകയാണെങ്കിൽ, ഏതു വായകൊണ്ടാണ് നിങ്ങൾ അവരെ ഇസ്‌ലാമിലേക്ക് വിളിക്കുക. അതുകൊണ്ട് ഈ പ്രവർത്തനപരമായ മാതൃക നിലനാട്ടാൻ വേണ്ടി ശ്രമിക്കുക. ഈ മാറ്റം നിങ്ങളിലുണ്ടാകുന്നത് അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ടു മാത്രമായിരിക്കും. അല്ലാഹുവിന്റെ ഫള്‌ലിനെ ആകർഷിച്ചെടുക്കുന്നതിനുള്ള ഒന്നാമത്തെ പ്രവൃത്തി അവന്റെ മുന്നിൽ കുനിയുകയും അവനെ ആരാധിക്കുകയും അവനിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുക എന്നതാണ്. ഈ ബന്ധം ഘടിപ്പിക്കുന്നതിനായി, നിങ്ങൾ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, ആരാധനയിലേക്കുള്ള ശ്രദ്ധയും നിങ്ങളുടെ നിസ്കാരത്തിന്റെ സൂക്ഷിപ്പുമാണ്. ഇതുകൂടാതെ, അല്ലാഹുവുമായിട്ടുള്ള ബന്ധം സ്ഥാപിക്കാൻ സാധ്യമേയല്ല. ഈ നിസ്കാരങ്ങളും, നിസ്കാരങ്ങളുടെ സംരക്ഷണവുമായിരിക്കും, നിങ്ങളിലും നിങ്ങളുടെ ഭാര്യാമക്കളിലും അല്ലാഹുവുമായിട്ട് ബന്ധം സ്ഥാപിക്കുന്നതിന് കാരണമാകുന്നത്. ഇതുതന്നെയാണ് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സവിശേഷഗുണങ്ങളെ മറ്റുള്ളവരിലേക്കു എത്തിക്കുന്നതിനും അതിന്റെ ഉത്തമമായ ഫലം കരസ്ഥമാക്കുന്നതിനും കാരണമായിത്തീരുന്നത്. ഇതുകൊണ്ടുതന്നെ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നിങ്ങളുടെ ഭൗതികമായ ആവശ്യങ്ങളും പൂർത്തീകരിച്ചുതരുന്നതായിരിക്കും. അതുകൊണ്ട് നിങ്ങളുടെ നിസ്കാരങ്ങളിൽ കൃത്യനിഷ്ഠ പാലിക്കുക. അതിന്നെതിരിൽ മറ്റുള്ളതെല്ലാം, ഒന്നുമല്ല എന്നു മനസ്സിലാക്കുക. ഇതാണ് അല്ലാഹുവിന്റെ കല്പന. അതായത്, എല്ലാറ്റിനെക്കാളുമധികം നിങ്ങളുടെ മനസ്സിൽ എന്റെ സ്മരണയുണ്ടാകണം. നിങ്ങൾ എപ്പോഴും ഞാൻ ചെയ്തുതന്നിട്ടുള്ള ഔദാര്യങ്ങളെ ഓർക്കുകയും എന്നോട് നന്ദിയുള്ളവരായിരിക്കുകയും ചെയ്യുമ്പോഴാണ് അത് സാധ്യമാകുന്നത്. ഇങ്ങനെ നന്ദിയുള്ളവരായിത്തീരുമ്പോൾ, നിങ്ങളുടെ നിസ്കാരങ്ങളും നിങ്ങളുടെ ആരാധനകളും എന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയുള്ളതാണെന്ന് ഞാൻ മനസ്സിലാക്കുമെന്ന് അല്ലാഹു പറയുന്നു. അല്ലാഹു ഇത് കല്പിച്ചുകൊണ്ട് വിശുദ്ധഖുർആനിൽ പറയുന്നു:

إِنَّنِيٓ أَنَا ٱللَّهُ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدۡنِي وَأَقِمِ
ٱلصَّلَوٰةَ لِذِكۡرِيٓ ١٥

ഞാൻ തന്നെയാണ് അല്ലാഹു. ഞാനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അതിനാൽ എന്നെ ആരാധിക്കുക. എന്നെ സ്മരിക്കുന്നതിനുവേണ്ടി നിസ്കാരം നിലനിറുത്തുകയും ചെയ്യുക. (*20:15*)

ഈ കല്പന വളരെ പ്രധാനപ്പെട്ടതാണ്. തന്നെ ആരാധിക്കുകയും സ്മരിക്കുകയും ചെയ്യുന്നവന് അല്ലാഹുതആല നിസ്കാരം നിർബന്ധമാണെന്ന് പറഞ്ഞിരിക്കുന്നു. നിസ്കാരം അതിന്റെ എല്ലാ നിർബന്ധകാര്യങ്ങളും അനുസരിച്ച് അനുഷ്ഠിക്കേണ്ടതാണ്. നബി(സ) തിരുമേനി തന്റെ സുന്നത്ത് സ്ഥാപിച്ചുകൊണ്ടാണ് അതിന്റെ പാഠം നമുക്ക് നല്കിയിട്ടുള്ളത്. അതായത്, നിസ്കാരം ജമാഅത്തോടുകൂടി അനുഷ്ഠിക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള സ്നേഹത്താൽ അതനുഷ്ഠിക്കേണ്ടതാണ്. ഇതുതന്നെയാണ് ആത്മീയവും ഭൗതികവുമായ നന്മ കരസ്ഥമാക്കാൻ കാരണമായിത്തീരുന്നത്.

ഇവിടെത്തെ നിങ്ങളുടെ ജോലിയും, തിക്കും തിരക്കും നിറഞ്ഞ ജീവിതവും കൊണ്ട് നിസ്കാരത്തെ അങ്ങോട്ടും ഇങ്ങോട്ടും നീക്കാതെ നിസ്കരിക്കാൻ പറ്റുകയില്ലെന്ന് നിങ്ങൾ കരുതരുത്. അല്ലാഹു പറയുന്നു: "ഞാൻ അല്ലാഹുവാണ്, എന്നെ ആരാധിക്കുക. ആരാധ്യൻ ഞാൻ മാത്രമെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. ഈ ഭൗതികപരമായ തിക്കും തിരക്കും, ഭൗതികവസ്തുക്കളും, ഭൗതികജോലികളും നിങ്ങളുടെ ആരാധ്യനല്ല. ഞാൻ കാരണത്താലാണ് ഇതെല്ലാം നിങ്ങൾക്കു കിട്ടുന്നത്. കാരണം ഞാനാണ് നിങ്ങളുടെ രക്ഷിതാവ്." പറയുന്നു:

رَبُّ السَّمٰوٰتِ وَالْاَرْضِ وَمَا بَيْنَهُمَا فَاعْبُدْهُ وَاصْطَبِرْ لِعِبَادَتِهٖ ۭ هَلْ تَعْلَمُ لَهٗ سَمِيًّا

"ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളവയുടെയും നാഥനാണവൻ. അതുകൊണ്ട് അവനെ ആരാധിക്കുക. അവന്റെ ആരാധനയിൽ നീ സ്ഥിരചിത്തനായിരിക്കുക. അവന് തുല്യഗുണമുള്ള ആരെയെങ്കിലും നീ അറിയുമോ? (*19:66*)

അതുകൊണ്ട് റബ്ബ് അഥവാ രക്ഷിതാവ് അല്ലാഹുവാണെന്ന കാര്യം ഓർക്കുക. അവൻ എല്ലാം സംഘടിപ്പിച്ചു തരുന്നവനാണ്. അവൻ എല്ലാ വസ്തുക്കളുടേയും അധികാരിയാണ്. അവനിൽനിന്നാണ് ഈ അനുഗ്രഹങ്ങളെല്ലാം നമുക്കു കിട്ടുന്നത്. 'ഏതുപോലെ മറ്റു സൃഷ്ടികൾക്ക് ഞാൻ ഭക്ഷണം കൊടുക്കുന്നുവോ അതുപോലെ നിങ്ങൾക്കും തരുന്നു' എന്ന് അല്ലാഹുതആല മറ്റൊരിടത്ത് പറയുന്നുണ്ട്. നിങ്ങളുടെ കരബലം കൊണ്ടാണ് ഇതെല്ലാം കിട്ടുന്നതെന്ന് നിങ്ങൾ കരുതരുത്. അവൻ വിചാരിച്ചുകഴിഞ്ഞാൽ നല്ല രീതിയിൽ നടക്കുന്ന നിങ്ങളുടെ തൊഴിൽസംരംഭങ്ങൾ നശിപ്പിക്കാനും കഴിയും. അവനത് വളരെ എളുപ്പമാണ്. ഏതുപോലെ മറ്റു കൃമികീടങ്ങൾക്കും മൃഗങ്ങൾക്കും രിസ്ഖ് കൊടുക്കുന്നുവോ അതുപോലെയാണ് നിങ്ങൾക്കും തരുന്നത്. ലോകത്ത് ഇന്ന് ആയിരക്കണക്കിന് ലക്ഷക്കണക്കിനാളുകളുടെ വ്യവസായങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു. അവരുടെ ബുദ്ധികൊണ്ടുമാത്രമാണ് അത് പ്രവർത്തിച്ചിരുന്നതെങ്കിൽ, എന്തുകൊണ്ടാണ് അത് നശിക്കുന്നത്. അതുകൊണ്ട് എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹം തേടേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിനുവേണ്ടി സ്ഥിരസ്വഭാവത്തോടുകൂടി അവനെ ആരാധിക്കുകയും അവന്റെ മുമ്പിൽ കുനിയുകയും അവന്റെ കല്പനകൾക്കനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് ഒരഹ്മദിയുടെ ജോലിയാണ്. ആദ്യആയത്തിനെ അടിസ്ഥാനപ്പെടുത്തി ഞാൻ പറഞ്ഞതുപോലെ എന്നെ ആരാധിക്കുന്നതിനും സ്മരിക്കുന്നതിനുംവേണ്ടി നിസ്കാരത്തെ നിലനിർത്തുക എന്ന് അല്ലാഹു പറയുന്നു. നിസ്കാരത്തെ നിലനിർത്തുക എന്നത് ഓരോ അഹ്മദിയുടെയും ഒഴിച്ചുകൂടാൻ പറ്റാത്ത പ്രവൃത്തിയാണ്. ഇത് നമ്മുടെതന്നെ ഗുണത്തിനുവേണ്ടിയാണ്. അല്ലാഹുവിന് നമ്മുടെ നിസ്കാരത്തിന്റേയോ നമ്മുടെ ആരാധനയുടെയോ ആവശ്യമൊന്നുമില്ല. അവൻ പറയുന്നു: ***ഖുൽ മാ യഅ്ബഉബിക്കും റബ്ബീ ലവ്ലാ ദുആഉക്കും***. നിങ്ങളുടെ പ്രാർത്ഥനയില്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വിലവെക്കാനാണ്. (*25:78*)

അതായത്, ഈ ദുആയും ഇസ്തിഗ്ഫാറും നിങ്ങളുടെ ഗുണത്തിന്നായിട്ടാണ്. നിങ്ങളത് ചെയ്യുന്നില്ലെങ്കിൽ, അല്ലാഹുവിന് നിങ്ങളൊരു പ്രശ്നമല്ല. അതുകൊണ്ട് ഒരഹ്മദിക്ക് ഇതിലേക്ക് ഒരുപാട് ശ്രദ്ധിയ്ക്കേണ്ട ആവശ്യമുണ്ട്. അഹ്മദിയായതിനുശേഷം ദുആയോടുള്ള വിരക്തിയും നിസ്കാരത്തോടുള്ള അശ്രദ്ധയുമാണെങ്കിൽ അത് നിങ്ങളെ ഹസ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദുആകളുടെ അവകാശിയാക്കിത്തീർക്കുകയില്ല. ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടിയും അല്ലാത്തവർക്കുവേണ്ടിയും ഹസ്റത്ത് മസീഹ് മൗഊദ്(അ) ഒരുപാട് ദുആ ചെയ്തിട്ടുണ്ട്. അതിൽ ഭാഗഭാക്കാകണമെങ്കിൽ, അതിന്റെ അവകാശികളായിത്തീരണമെങ്കിൽ നമ്മളും നമ്മുടെ ആത്മീയാഭിവൃദ്ധിയിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അഹ്മദിയായതിനുശേഷം, നാം ആദ്യംവന്ന ആളുകളുമായി– സ്വഹാബത്തുമായി

കണ്ടുമുട്ടുന്നതിനെക്കുറിച്ച് സംസാരിക്കുമ്പോൾ, നബി(സ) തിരുമേനിയുടെ സ്വഹാബത്ത് കാണിച്ച ജീവിതമാതൃകയും നമ്മൾ നിലനാട്ടേണ്ടതായിവരും. സ്വഹാബത്ത് നിസ്കാരം കൂടാതെ മറ്റൊന്നിനേയും ഉപേക്ഷിക്കുന്നത് കുഫ്റായി കണ്ടിരുന്നില്ലെന്ന് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അതായത് നിസ്കാരം ഉപേക്ഷിക്കുന്നത് അവരുടെ നോട്ടത്തിൽ കുഫ്റിന്, സത്യനിഷേധത്തിന് സമമായിരുന്നു. അതുകൊണ്ട് സ്വഹാബത്തിന്റെ ഈ നിലവാരം കരസ്ഥമാക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മനുഷ്യസൃഷ്ടിപ്പിന്റെ യഥാർത്ഥ ഉദ്ദേശ്യം അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. പക്ഷേ, അവൻ തന്റെ ആ പ്രകൃതിയെ ഭൗതികമായ കാര്യങ്ങളിലേക്കും ബാഹ്യമായ ബന്ധങ്ങളിലേക്കും മാറ്റിക്കൊണ്ട് നശിപ്പിക്കുന്നു. (അതായത് അല്ലാഹു ഏതൊരു ഉദ്ദേശ്യത്തോടുകൂടി അവന്റെ പ്രകൃതിയെ സൃഷ്ടിച്ചിരിക്കുന്നുവോ, അതിനെ ഭൗതികമായ കാര്യങ്ങളിൽ ഇട്ടുകൊണ്ട് മറ്റു കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുകയും അതിൽ മുഴുകുകയും ചെയ്യുന്നു. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിൽ ശ്രദ്ധിക്കുന്നില്ല. മറ്റുള്ള കാര്യങ്ങൾ ചെയ്യുന്നതിനാണ് മുൻഗണന കൊടുക്കുന്നത്. ആരാണോ ഇങ്ങനെ ചെയ്യുന്നത് അവനെ അല്ലാഹു അവഗണിച്ചുകളയുമെന്നാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നത്) ഹസ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറയുന്നു: അതിലേക്കാണ് ഈ ഖുർആനികവചനം വിരൽചൂണ്ടുന്നത്. ***ഖുൽമാ യഅ്ബഉബിക്കും റബ്ബീ ലവ്ലാ ദുആഉക്കും***. ഞാൻ മുമ്പേയും നിങ്ങളെ കേൾപ്പിച്ചിട്ടുള്ള ഒരു സ്വപ്നമുണ്ട്. ഞാനൊരു വനത്തിൽ നില്ക്കുകയാണ്. കിഴക്കുപടിഞ്ഞാറായി ഒരു വലിയ കാന കാണാം. അതിന്റെ കരയിൽ ആടുകളെ അറുക്കുന്നതിനായി കിടത്തിയിരിക്കുന്നു. ഓരോ ആടിന്റേയും അടുക്കൽ കശാപ്പുകാരൻ നില്ക്കുന്നുണ്ട്. അവരുടെ കൈയിൽ കത്തിയുണ്ട്. അത് അവയുടെ കഴുത്തിൽ വെച്ചിരിക്കുകയാണ്. അവർ ആകാശത്തേക്ക് മുഖമുയർത്തിയിട്ടുണ്ട്. ഞാൻ അവരുടെ അടുത്തൂടെ ഉലാത്തുകയാണ്. ആ കാഴ്ച കണ്ടപ്പോൾ, അവർ ആകാശത്തുനിന്നുള്ള കല്പന പ്രതീക്ഷിച്ചുനില്ക്കുകയാണെന്ന് എനിക്ക് മനസ്സിലായി. അപ്പോൾ ഞാൻ ഈ ഖുർആനികവചനമോതി. ***ഖുൽമാ യഅ്ബഉബിക്കും റബ്ബീ ലവ്ലാ ദുആഉക്കും*** ഇതുകേട്ടുടനെ ചപ്പുചവറുകൾ തിന്നു ജീവിക്കുന്നു എന്നല്ലാതെ മറ്റെന്ത് വിലയാണ് നിങ്ങൾക്കുള്ളതെന്ന് പറഞ്ഞുകൊണ്ട് അവർ ആടുകളെ അറുക്കാൻ തുടങ്ങി. ചുരുക്കത്തിൽ അല്ലാഹു മുത്തഖിയുടെ ജീവിതത്തെ പരിഗണിക്കുന്നുവെന്നും അവന്റെ അനശ്വരതയെ പ്രിയപ്പെട്ടതാക്കിവയ്ക്കുന്നുവെന്നും അവന്റെ ഇഷ്ടത്തിന് വിരുദ്ധം പ്രവൃത്തിക്കുന്നവന് ഒരുവിലയും കൊടുക്കുകയില്ലെന്നും അവനെ നരകത്തിലിടുമെന്നുമാണ് ഇതിന്റെ ഉദ്ദേശ്യം. അതുകൊണ്ട് തങ്ങളുടെ ആത്മാവിനെ ശയ്ത്വാന്റെ അടിമത്വത്തിൽനിന്ന് പുറത്തുകൊണ്ടുവരേണ്ടത് ഓരോരുത്തർക്കും നിർബന്ധമാണ്. ക്ലോറോഫോം ഉറക്കം വരുത്തുന്നതുപോലെ ശയ്ത്വാൻ മനുഷ്യനെ നശിപ്പിക്കുന്നു. അവനെ അശ്രദ്ധയുടെ ഉറക്കത്തിൽ അകപ്പെടുത്തുന്നു. അതോടെ അവനെ നശിപ്പിക്കുകയും ചെയ്യുന്നു."

ഇത് വലിയൊരു താക്കീതാണ്. ഭൗതികമായ കാര്യങ്ങളിൽ മനുഷ്യൻ വീഴുന്നതനുസരിച്ച്, അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് അശ്രദ്ധരായിക്കൊണ്ടേയിരിക്കുന്നു; അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹം ഉണ്ടായാലൊഴികെ. ഓരോ നിമഷവും ഓരോ അഹ്മദിയും ഈ അനുഗ്രഹം സ്വരുക്കൂട്ടുന്നതിനുള്ള ചിന്തയിലായിരിക്കേണ്ടതാണ്. അതിനുള്ള ഏറ്റവും വലിയ മാർഗ്ഗമായി അല്ലാഹു പറഞ്ഞിട്ടുള്ളത് നിസ്കാരമാണ്. ആത്മാർത്ഥമായനിലയിൽ അത് നിർവഹിക്കേണ്ടതാണ്. അതുകൊണ്ട് നിങ്ങളെയും നിങ്ങളുടെ മക്കളേയും അല്ലാഹു കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി സ്വന്തം ആരാധനാകർമ്മങ്ങളിലേക്ക് പ്രത്യേകം ശ്രദ്ധിക്കുകയും നിസ്കാരത്തെ സംരക്ഷിക്കുകയും ചെയ്യുക. നബി(സ) തിരുമേനി പറഞ്ഞതായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നിസ്കാരം ഉപേക്ഷിക്കൽ, മനുഷ്യനെ ശിർക്കിന്റേയും കുഫ്റിന്റേയും അടുക്കൽ കൊണ്ടെത്തിക്കുന്നു. അതായത്, ബഹുദൈവാരാധനയുടേയും സത്യനിഷേധത്തിന്റേയും അടുക്കലെത്തിക്കുന്നു.

നിസ്കാരം ഉപേക്ഷിക്കുന്നത് സത്യനിഷേധത്തിന് സമമായി സ്വഹാബത്ത് മനസ്സിലാക്കിയിരുന്നതായി ഞാൻ നടേ പറഞ്ഞിരുന്നു. കാരണം നബി(സ) തിരുമേനിയിൽനിന്ന് ശിക്ഷണം നേടിക്കൊണ്ട് നിസ്കാരത്തിന്റെ പ്രാധാന്യത്തെ മനസ്സിലാക്കിയിരുന്നവരാണവർ. നിസ്കാരം ഉപേക്ഷിക്കുക എന്നത് മതത്തെ നിഷേധിക്കുക എന്നതുമാത്രമല്ല, മറിച്ച്, നിസ്കാരം ഉപേക്ഷിക്കുമ്പോൾ ബഹുദൈവവിശ്വാസത്തിലേക്ക് വളരുകയാണ് ചെയ്യുന്നത്. എത്രവലിയ മുന്നറിയിപ്പാണിത്. ഭൗതികകാര്യങ്ങളിൽ നാം എത്രയധികം മുഴു

അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനും ആത്മാവിനെ ശുദ്ധീകരിക്കുന്നതിനും തലമുറകളുടെ അനശ്വരതയ്ക്കും വേണ്ടി നിസ്കാരത്തിനോടൊപ്പം ധനത്യാഗം ചെയ്യാനും കല്പിച്ചിട്ടുണ്ട്. പറയുന്നു. ***അൻഫിഖൂ ഖയ്റുല്ലിഅൻഫുസിക്കും***. നിങ്ങൾ നിങ്ങളുടെ ധനം അവന്റെ വഴിയിൽ ചെലവഴിച്ചുകൊണ്ടിരിക്കുക. ഇത് നിങ്ങളുടെ ജീവന് എപ്പോഴും ഗുണപ്രദമായിരിക്കും. ഇപ്രകാരം, നിസ്കരിക്കാൻ കല്പിച്ചതിനോടൊപ്പംതന്നെ ധനത്യാഗം ചെയ്യാനും നിരവധി സ്ഥലങ്ങളിൽ അല്ലാഹു കല്പിച്ചിട്ടുണ്ട്. ഇക്കാലഘട്ടം മനുഷ്യന്റെ ആവശ്യങ്ങൾ അധികമായ കാലഘട്ടമാണ്. മനുഷ്യന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും വിഭിന്നങ്ങളായിക്കഴിഞ്ഞിരിക്കുന്നു. ഈ പരിതസ്ഥിതിയിൽ ധനത്യാഗം തീർച്ചയായും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലവുമായി ധനത്യാഗത്തിന് ഇക്കാലത്ത് വളരെ ബന്ധമുണ്ട്. തീർച്ചയായും ഇത് ആത്മാക്കളെ ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗമാണ്. അതുകൊണ്ട് ഈ ഭാഗത്തേക്കും ശ്രദ്ധിക്കുക. ഈ ത്യാഗങ്ങൾ നിങ്ങളുടേയും നിങ്ങളുടെ മക്കളുടേയും ദുൻയാവും ആഖിറത്തും സംരക്ഷിക്കുമെന്നത് ഉറപ്പാണ്. നിരവധി സ്ഥലങ്ങളിൽ പലവശത്തൂടെയും അല്ലാഹു ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. നബി(സ) തിരുമേനിയും ധനത്യാഗത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. തന്നെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നതും നരകത്തിൽനിന്ന് അകറ്റുന്നതുമായ എന്തെങ്കിലും കർമ്മം പറഞ്ഞുതരാൻ നബി(സ) തിരുമേനിയോട് ഒരാൾ പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു, അല്ലാഹുവിനെ ആരാധിക്കുക. അവനോടൊപ്പം ഒന്നിനേയും കൂട്ടുചേർക്കാതിരിക്കുക. രണ്ടാമതായി പറഞ്ഞു. നിസ്കരിക്കുക. സക്കാത്തു കൊടുക്കുക. ബന്ധങ്ങളെ ഉറപ്പിച്ചുനിർത്തുക. അതായത് ബന്ധുമിത്രാദികളോടും നല്ലനിലയിൽ പെരുമാറുക. ആരാധനയേയും നിസ്കാരത്തേയും കുറിച്ച് ഞാൻ അല്പം വിശദീകരിച്ചുപറഞ്ഞുകഴിഞ്ഞു. ഇതിനുശേഷം പിന്നീട് വരുന്ന കല്പന സക്കാത്താണ്. ഇത് ധനത്യാഗമാണ്. സക്കാത്ത് നിർബന്ധമായിട്ടുള്ളവർ അതുകൊടുക്കേണ്ടതാണ്. രണ്ടാമത്തേത് സക്കാത്തിനു പുറമെയുള്ള ധനത്യാഗമാണ്. നബി(സ) തിരുമേനിയുടെ കാലഘട്ടത്തിലും ആവശ്യം നേരിടുന്ന ഘട്ടങ്ങളിൽ അവിടന്ന് ധനത്യാഗം ചെയ്യാൻ പറയുമായിരുന്നു. അവരവരുടെ കഴിവിന്നനുസരിച്ച് സ്വഹാബത്ത് ധനത്യാഗം ചെയ്തിരുന്നു. ഇക്കാലഘട്ടത്തിലും ആ സുന്നത്തനുസരിച്ച് ഹസ്റത്ത് മസീഹ് മൗഊ

കുന്നുവോ, നിസ്കാരത്തെ അവഗണിക്കുന്നുവോ, അത്രയധികം നാം അല്ലാഹുവിൽ നിന്നകലുന്നതാണ്. അത് അവസാനം ശിർക്ക് ചെയ്യുന്നവരോടൊപ്പം കൊണ്ടുപോയി നിറുത്തും. കുട്ടികളിൽ നിസ്കാരശീലം ഉണ്ടാക്കിയെടുക്കുന്നതിനെപ്പറ്റിയും കല്പനയുണ്ട്. മിക്കവർക്കും ഈ കല്പന ഓർമ്മയുണ്ടാകും. അവർ കേട്ടുകൊണ്ടിരിക്കുന്നതുമാണിത്. പക്ഷേ, പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിലേക്ക് ശ്രദ്ധ വളരെക്കുറവാണ്. കുട്ടികളിൽ നിസ്കാരശീലമുണ്ടാക്കേണ്ടത് ഉമ്മയുടെയും ഉപ്പയുടേയും ഉത്തരവാദിത്തമാണ്. കടമ നിറവേറ്റാൻ വേണ്ടിമാത്രം ശീലമുണ്ടാക്കരുത്. മറിച്ച്, അവരുടെ മനസ്സിൽ അല്ലാഹുവിനോടുള്ള സ്നേഹം കുത്തിനിറയ്ക്കുക. തങ്ങളുടെ ഗുണത്തിനുവേണ്ടിയാണെന്ന് മനസ്സിലാക്കിക്കൊണ്ട് അവർ നിസ്കരിക്കാനും അല്ലാഹുവുമായിട്ടുള്ള ബന്ധത്തിലാണ് ഇഹപരലോകങ്ങൾ ലഭിക്കുന്നതെന്ന് മനസ്സിലാക്കാനും വേണ്ടിയാണിത്. മാതാപിതാക്കളായ നിങ്ങൾ അല്ലാഹുവുമായിട്ട് ആത്മാർത്ഥബന്ധം പുലർത്തുന്നതുവരെ ഇതു സാധ്യമാകുകയില്ല. നബി(സ) തിരുമേനി, ഏഴു വയസ്സുള്ള കുട്ടികളെ നിസ്കരിക്കുന്നതിനായി ഉപദേശിക്കാൻ താക്കീത് ചെയ്തിരിക്കുന്നു. പത്തു വയസ്സായാൽ നിസ്കരിക്കുന്നില്ലെങ്കിൽ നിർബന്ധിച്ച് നിസ്കരിപ്പിക്കാനും പറഞ്ഞു. ഈ പ്രായത്തിൽ കുട്ടികളെ ഒരു കിടക്കയിൽ ഒരുമിച്ചു കിടത്തരുതെന്നും പറഞ്ഞു. നിങ്ങളുടെ കർമ്മങ്ങൾ കുട്ടികൾക്ക് മാതൃകയാണെങ്കിൽ മാത്രമെ കുട്ടികളെ നിർബന്ധിച്ച് നിസ്കരിപ്പിക്കാൻ നിങ്ങൾക്ക് കഴിയുകയുള്ളൂ. നിസ്കാരം അല്ലാഹുവിനു വേണ്ടി അനുഷ്ഠിക്കുന്നതായിരിക്കണം. ഭൗതികോദ്ദേശ്യത്തിനുവേണ്ടിയായിരിക്കരുത്. ഇങ്ങനെ നിസ്കരിക്കുകയാണെങ്കിൽ, അത് നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ദൈവസാമീപ്യം നല്കുന്നതും ദുൻയാവും ആഖിറത്തും ഒരുക്കുന്നതുമായിരിക്കുന്നതിനോടൊപ്പം സമൂഹത്തിലും ആ പരിശുദ്ധമായ മാറ്റത്തിന്റെ സ്വാധീനം കാണാൻ തുടങ്ങും. നിങ്ങളുടെ മനസ്സിലെ പകയും വിദ്വേഷവും പുറത്തുപോകുന്നതാണ്. ഇപ്രകാരം ജമാഅത്തിന്റെ അന്തസ്സ് ഉയർന്നുനില്ക്കണമെന്ന വിചാരവും അപ്പോൾ ഓരോരുത്തർക്കും ഉണ്ടാകും. സമൂഹത്തിലും നല്ല സ്വാധീനം നിലനില്ക്കും. ഇവിടത്തെ ജപ്പാനീസ്ത്രീകളെ വിവാഹം കഴിച്ചിട്ടുള്ളവരുടെ കുടുംബത്തിലും അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിക്കാൻ ഭാഗ്യം ലഭിക്കുന്നതാണ്. ഇൻശാഅല്ലാഹ്. അതിന് സൽഫലമുളവാകുകയും ചെയ്യും.

ദ്(അ) തനിക്കു ബയ്അത്തു ചെയ്യുന്നവർക്ക് കൃത്യമായിട്ട് ധനത്യാഗം ചെയ്യുന്നതും ചന്ദകൊടുക്കുന്നതും നിർബന്ധമായി നിശ്ചയിച്ചിരിക്കുന്നു. പിന്നീട് ഖലീഫമാർ ഇതിന് കൃത്യമായ ഒരുരൂപം നല്കി. അതുകൊണ്ട്, ധനത്യാഗം തങ്ങളുടെ ഗുണത്തിനുവേണ്ടിയിട്ടാണെന്ന് ഓരോ അഹ്മദിയും ഓർമ്മിക്കേണ്ടതാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: ***അൻഫിഖൂ ഫീ സബീലില്ലാഹി വലാ തുൽഖൂ ബിഅയ്ദീക്കും ഇലത്തഹ്ലുക്ക***. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവനും ധനവും ബലികഴിക്കുക. സ്വന്തം കൈകൊണ്ട് നിങ്ങളെ നശിപ്പിക്കാതിരിക്കുക.

അതുകൊണ്ട് ഇക്കാലത്ത് ഞാൻ പറഞ്ഞതുപോലെ ജീവിതശൈലികളെല്ലാം മാറിപ്പോയിരിക്കുന്നു. അല്ലെങ്കിൽ മാറിക്കൊണ്ടിരിക്കുന്നു. ഇന്ന് ജീവനും ധനവും ത്യാഗം ചെയ്യുന്നതിന് വളരെ പ്രാധാന്യമുണ്ട്. അതിനാൽ നിങ്ങളിലോരോരുത്തരും ഇതിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യവുമുണ്ട്. ഇവിടെ വന്നതിനുശേഷം അല്ലാഹു നിങ്ങൾക്ക് അഭിവൃദ്ധി നല്കി. അതിനു നന്ദി എന്ന നിലയിൽ നിങ്ങളുടെ ധനത്യാഗത്തെ വിലയിരുത്തുക.

ജമാഅത്ത് നിശ്ചയിച്ചിട്ടുള്ള തോതനുസരിച്ചാണോ നിങ്ങൾ ചന്ദ കൊടുക്കുന്നതെന്ന് നോക്കുക. നിഷ്ക്കളങ്കമായി ത്യാഗവികാരത്തോടെ ചന്ദ കൊടുക്കുമ്പോഴാണ് അത് ആത്മാവിനെ ശുദ്ധീകരിക്കുന്നതായിത്തീരുന്നത്. ഞാൻ കേൾപ്പിച്ച ഹദീസനുസരിച്ച് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ധനത്യാഗം വരിക്കുമ്പോഴാണ് അത് സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നതിന് കാരണമായിത്തീരുന്നത്. വരുമാനം മറച്ചുവെച്ചുകൊണ്ട് ചന്ദ കൊടുക്കുകയാണെങ്കിൽ, അത് അല്ലാഹുവിനെ വഞ്ചിക്കാനുള്ള ശ്രമമാണ്. അല്ലാഹുവിനെ വഞ്ചിക്കാൻ സാധ്യമല്ല. അവൻ മനുഷ്യന്റെ ഉള്ളിലെ അതിസൂക്ഷ്മമായ അറകൾപോലും അറിയുന്നവനാണ്. ചില നിർബന്ധകാരണത്താൽ വരുമാനത്തിനനുസരിച്ച് ചന്ദ കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ, ചൊവ്വായിട്ടും വ്യക്തമായിട്ടും കാര്യങ്ങൾ തുറന്നുപറയുക. എന്റെ വരുമാനം കൂടുതലുണ്ടെന്നും, എന്നാൽ ചില കാരണങ്ങളാൽ തോതനുസരിച്ച് ചന്ദ കൊടുക്കാൻ കഴിയുന്നില്ലെന്നും പറയുക. ഇതുസംബന്ധമായി പലപ്രാവശ്യവും ഞാൻ പറഞ്ഞിട്ടുള്ളതാണ്. എന്നെ ഈ വിവരം എഴുതി അറിയിക്കുന്നവർക്ക് ഒരന്വേഷണവും കൂടാതെ, തോതിനേക്കാൾകുറച്ച് ചന്ദ കൊടുക്കാൻ ഞാൻ അനുവാദം നല്കുന്നതാണ്. എത്ര കൊടുക്കാനാണോ അവർ ഇഷ്ടപ്പെടുന്നത് അതുകൊടുക്കാൻ ഞാൻ പറയുന്നതാണ്. എന്നാൽ, എന്റെ വരുമാനം ഇത്രയേയുള്ളു, എന്ന് പറഞ്ഞുകൊണ്ട് തോതനുസരിച്ച് ചന്ദ കൊടുക്കുന്നില്ലെങ്കിൽ അത് പാപമാണ്. ചന്ദ കുറച്ചുകൊടുത്തുകൊണ്ട് ഒരു പാപം ചെയ്യുന്നു. കളവ് പറഞ്ഞുകൊണ്ട് അതിനേക്കാൾ വലിയ പാപം ചെയ്യുന്നു. കളവിനെ അല്ലാഹു ശിർക്കിന് തുല്യമെന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി, അവന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് നിസ്കാരവും മറ്റു കർമ്മങ്ങളും ഫലം ചെയ്യുന്നത്. ഇതുതന്നെയാണ് നിങ്ങളെ ദീനിന്റെയും ദുൻയാവിന്റെയും അവകാശികളാക്കുന്നത്. മക്കളെ സംരക്ഷിക്കുന്നത്. നിങ്ങളുടെ ഉള്ളിൽ ഈ പരിശുദ്ധമായ മാറ്റം ഉണ്ടായകാരണത്താൽ നിങ്ങളെ അത് ദഅ്വത്തെ ഇലല്ലായുടെ പ്രവർത്തനത്തിലും സഹായിക്കും. അതിന് നല്ലപ്രതിഫലം പ്രകടമാകും. അതുകൊണ്ട് ഈ ഉത്തരവാദിത്തത്തേയും അല്ലാഹുവിന്റെ ഒരു പ്രധാന കല്പനയായി മനസ്സിലാക്കിക്കൊണ്ട് നിറവേറ്റുക. നിങ്ങളുടെ ആരാധനകളോടൊപ്പം ധനത്യാഗത്തിന്റെ നിലവാരവും ഉയർത്തുക. ഇക്കാര്യങ്ങളാണ് നിങ്ങളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നതിന് കാരണമായിത്തീരുക. ഇതുമുഖേന നിങ്ങളുടെ പ്രവർത്തനപരമായ മാതൃക നിലവിൽ വരും. ഈ പ്രവർത്തനപരമായ മാതൃക ഞാൻ പറഞ്ഞതുപോലെ തബ്ലീഗ് രംഗങ്ങൾ തുറക്കും. അല്ലാഹുതആല ഓരോ അഹ്മദിക്കും ഈ നിലവാരം കരസ്ഥമാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഞാൻ പറഞ്ഞ ഹദീസിൽ നബി(സ) തിരുമേനി മറ്റൊരു ഉപദേശം പറഞ്ഞത്, ബന്ധങ്ങളെ ഊട്ടിഉറപ്പിക്കുക എന്നാണ്. അതായത്, രക്തബന്ധുക്കളോടു നല്ലരീതിയിൽ പെരുമാറുക. ഈ രക്തബന്ധുക്കളിൽ ഭാര്യാഭർത്താക്കന്മാരുടെ രക്തബന്ധുക്കളും പെടുന്നതാണ്. അവരോടും നല്ലരീതിയിൽ പെരുമാറേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലും പരസ്പരമുള്ള വികാരങ്ങളെ മാനിക്കുക. പ്രത്യേകിച്ച് ഇവിടെ വിവാഹം കഴിച്ചിട്ടുള്ളവർ ഇക്കാര്യത്തിന് പ്രധാന്യം നല്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ പരസ്പരമുള്ള വികാരങ്ങളെ മാനിക്കുകയും പ്രവർത്തനപരമായ മാറ്റം സ്ഥാപിക്കുകയും ചെയ്യുന്നതുകൊണ്ട് തബ്ലീഗ് രംഗങ്ങളും വിശാലമാകും. പരസ്പരം സ്നേഹവും സന്തോഷവും വളരുകയും ചെയ്യും. പുതിയ തലമുറയുടെ ശിക്ഷണവും ശരിയായനിലയിൽ നടക്കുന്നതാണ്. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, അഹ്മ

ദിയ്യത്തിന്റെ സന്ദേശമെത്തിക്കാൻ എല്ലാതരത്തിലും പരിശുദ്ധമായ മാറ്റം ഉണ്ടാക്കാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. ഇൻശാഅല്ലാഹ്. ഓരോരുത്തരും തങ്ങളെ നന്നാക്കിത്തീർക്കാൻ ശ്രമിക്കുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് നല്ല ഫലം കൊണ്ടുവരുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. സംസാരത്തിൽ റൂഹാനിയ്യത്തും തഖ്‌വയും സത്യമായ ഉത്സാഹവും ഉണ്ടാകാത്തിടത്തോളംകാലം ഒരു ഫലവും ഉണ്ടാകുകയില്ല.

അല്ലാഹു പറയുന്നു. ***യാ അയ്യുഹല്ലദീന ആമനൂ അലയ്ക്കും അൻഫുസിക്കും.*** സത്യവിശ്വാസികളേ, ആദ്യം നിങ്ങളുടെ ജീവനെക്കുറിച്ച് ചിന്തിക്കുക. നിങ്ങളെ ഫലപ്രദമാക്കാൻ നിങ്ങളാഗ്രഹിക്കുന്നെങ്കിൽ ആദ്യം സ്വയം പരിശുദ്ധനായിത്തീരുക. വെറും പ്രവർത്തനമില്ലാതെ പറച്ചിലിൽ ഒതുങ്ങിക്കൂടാൻ പാടില്ല. അത്തരക്കാരുടെ ഉദാഹരണം ഇങ്ങനെയാണ്. ഒരാൾ കൂരിരുട്ടിൽ കുത്തിയിരിക്കുകയാണ്. വേറൊരാൾ ഇരുട്ടിലൂടെ നടന്നുവരികയാണ്. ആ വരുന്നയാൾ അയാളെ തട്ടി വീഴുമെന്നല്ലാതെ മറ്റെന്താകാനാണ്. അവൻ ദീപമായിക്കൊണ്ടുപോകേണ്ടതാണ്; മറ്റുള്ളവർക്കും അവൻ മുഖേന വെളിച്ചം കിട്ടാൻ."

ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത്. അന്ധകാരങ്ങളിൽ കുത്തിയിരിക്കുന്നവർക്ക് വെളിച്ചം കാണിക്കുക. അല്ലാതെ സ്വയം ആ ഇരുട്ടിൽച്ചെന്ന് വീഴുക എന്നതല്ല. സ്വയം വഞ്ചിതരായിക്കൊണ്ടിരിക്കുക എന്നതല്ല. എങ്ങനെയാണ് ഈ വെളിച്ചം കിട്ടുന്നത്. ഇതെല്ലാം ആത്മീയതയിൽ അഭിവൃദ്ധിപ്പെടാതെ സാധ്യമല്ല. ആത്മീയതയ്ക്കുവേണ്ടി അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവന്റെ കല്പനകൾ പാലിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് ഓരോരുത്തരും ഇതിലേക്ക് ശ്രദ്ധിക്കുക. ഉള്ളിൽ മാറ്റം ഉണ്ടാക്കുന്നതിനോടൊപ്പം അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിനെ ഈ രാജ്യത്തിലെ ഓരോ വീട്ടിലുമെത്തിക്കാൻ ശ്രമിക്കുക. അല്ലാഹു എല്ലാവർക്കും, യഥാർത്ഥമായ നിലയിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് നടക്കാനും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങളനുസരിച്ച് പ്രവർത്തിക്കാനും സൗഭാഗ്യം നല്കുമാറാകട്ടെ; നമ്മളിൽ ഓരോരുത്തരും ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെ വിശ്വസിച്ചിട്ടുള്ളവർക്കുവേണ്ടി ചെയ്തിട്ടുള്ള ദുആകളുടെ അവകാശികളായിത്തീരാൻ വേണ്ടി. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ ഒരുപാട് ഒരുപാട് ദുആ ചെയ്യുന്നു. എന്റെ ജമാഅത്തിലുള്ളവരെയെല്ലാം, അല്ലാഹുവിനെ ഭയപ്പെടുകയും നിസ്കാരം നിലനിറുത്തുകയും രാത്രിയിൽ എഴുന്നേറ്റ് തറയിൽ വീഴുകയും കരയുകയും അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങളെ നഷ്ടപ്പെടുത്താതിരിക്കുകയും പിശുക്കന്മാരും അശ്രദ്ധരും ദുൻയാവിലെ കീടങ്ങളാകാതിരിക്കുകയും ചെയ്യുന്നവരിൽ ഉൾപ്പെടുത്തുമാറാകട്ടെ. എന്റെ ഈ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുമെന്നും എന്റെ പിന്നിൽ ഇത്തരക്കാരെ ഞാൻ വിട്ടുംവെച്ച് പോകുന്നത് അല്ലാഹു എന്നെ കാണിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ അനുഗ്രഹത്തിലും ദുആയിലും നമ്മളിൽ ഓരോരുത്തരും ഭാഗഭാക്കാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. എന്തെങ്കിലും ബലഹീനതകളോ ന്യൂനതകളോ ഉണ്ടെങ്കിൽ അത് അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് അകറ്റാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ജൽസയുടെ ഈ രണ്ടുദിനം പ്രത്യേകം ദുആയിൽ കഴിച്ചുകൂട്ടുക. അല്ലാഹുവിനോട് അധികമധികമായി ദുആ ചെയ്യുക; അല്ലാഹു നമ്മുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്നതിനോടൊപ്പം ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളെയും ഈ നാട്ടിൽ എത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

(പാക്കിസ്ഥാനിൽ രണ്ടുദിവസം മുമ്പേ ശഹീദാക്കപ്പെട്ട ഡാക്ടർ മുജീബുർറഹ്മാൻ പാശാ സാഹിബിന്റെയും ഡാക്ടർ മിർസാ മുനവ്വർ അഹ്മദ് സാഹിബിന്റെ ഭാര്യയും ഹുസൂറിന്റെ അമ്മായിയുമായ സാഹിബ്സാദി മഹ്മൂദാബീഗം സാഹിബയുടെയും സേവനങ്ങളെക്കുറിച്ച് എടുത്തുപറഞ്ഞുകൊണ്ട് ജനാസഗായിബ് നിസ്കരിക്കുന്നതാണെന്ന് ഹുസൂർ രണ്ടാമത്തെ ഖുത്ബയ്ക്കു മുമ്പേ പറഞ്ഞു.)

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 12.5.2006 at Nagoya, Japan

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org